**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1074** **11-02-2025 - ൽ മറുപടിയ്ക്ക്**

**മലപ്പുറം നിയോജക മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ഉബൈദുള്ള** | | **ശ്രീ. റോഷി അഗസ്റ്റിൻ (ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | അമൃത് 2.0 പദ്ധതിയിൽ സ്റ്റേറ്റ് വാട്ടർ ആക്ഷൻ പ്ലാൻ മൂന്നാം ഘട്ട പ്രവൃത്തികളിൽ ഉൾപ്പെടുത്തി മലപ്പുറം നിയോജക മണ്ഡലത്തിൽ അഡീഷണൽ പ്രവൃത്തികൾക്കായി ഭരണാനുമതി നൽകിയ പാണക്കാട്, മേൽമുറി വില്ലേജുകളിലെ മിനി കുടിവെള്ള പദ്ധതികളുടെ പുരോഗതികൾ വ്യക്തമാക്കാമോ; | (എ) | അമൃത് 2.0- മലപ്പുറം മുനിസിപ്പാലിറ്റിയ്ക്ക് ഭരണാനുമതി ലഭിച്ച അഡീഷണൽ പ്രൊപ്പോസലിന്റെ സാങ്കേതികാനുമതിക്ക് വേണ്ടിയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |
| (ബി) | കേന്ദ്ര-സംസ്ഥാന സർക്കാരുകളുടേയും നഗരസഭയുടെയും സംയുക്ത സംരംഭമായ പ്രസ്തുത കുടിവെള്ള പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാനാവുമെന്ന് വ്യക്തമാക്കാമോ; | (ബി) | 2026 മാർച്ച് മാസത്തോടെ പദ്ധതി പൂർത്തീകരിക്കാൻ ആണ് ഉദ്ദേശിക്കുന്നത്. |
| (സി) | അമൃത് 2.0 ഒന്നാം ഘട്ടത്തിൽ ഉൾപ്പെട്ട 7.5 എം.എൽ.ഡി. സംഭരണശേഷിയുള്ള ജലശുദ്ധീകരണശാല നിർമ്മിക്കുന്നതിനായി നേരത്തെ ഭരണാനുമതി നൽകിയ 7.60 കോടി രൂപയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | അമൃത് 2.0 ഒന്നാം ഘട്ടത്തിൽ ഉൾപ്പെട്ട 7.5 എംഎൽഡി സംഭരണ ശേഷിയുള്ള ജല ശുദ്ധീകരണ ശാലയുടെ പ്രവൃത്തി ടെൻഡർ നടപടി പൂർത്തീകരിച്ച് 2025 ജനുവരി മാസാവസാനത്തോടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. |
| (ഡി) | ജൽജീവൻ മിഷനു കീഴിൽ പ്രവൃത്തികൾ പുരോഗമിക്കുന്ന പുൽപ്പറ്റ, പൂക്കോട്ടൂർ മൊറയൂർ സമഗ്ര കുടിവെള്ള പദ്ധതി, കോഡൂർ കാലമ്പറമ്പ് കുടിവെള്ള പദ്ധതി, അമൃത് പദ്ധതിക്കു കീഴിലുള്ള ഇരുമ്പുഴി കരുമാഞ്ചേരി പദ്ധതി, മലപ്പുറം നഗരസഭയിലെ പാണക്കാട്, മേൽമുറി പദ്ധതികൾ എന്നിവ വേഗത്തിൽ യാഥാർത്ഥ്യമാക്കി മലപ്പുറം മണ്ഡലത്തിലെ കുടിവെള്ള പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ? | (ഡി) | മലപ്പുറം നഗരസഭയുടെ അമൃത് പദ്ധതി, കോഡൂർ കാലംപറമ്പ് കുടിവെള്ള പദ്ധതിയും, ഇരുമ്പുഴി കരുമാഞ്ചേരി പദ്ധതി എന്നിവ 2026 മാർച്ച്മാസത്തോടുകൂടി പൂർത്തീകരിക്കാനാവുന്ന വിധത്തിൽ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. മൊറയൂർ, പുല്പറ്റ, പൂക്കോട്ടൂർ പഞ്ചായത്തുകൾക്കുള്ള സമഗ്ര കുടിവെള്ള പദ്ധതിയുടെ ശുദ്ധീകരണശാല 20%വും, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ 30%വും, കിണറും റോ വാട്ടർ പമ്പിംഗ് മെയിനും 85%വും, ഉന്നതതല ജല സംഭരണികൾ, വിതരണ ശൃംഖല എന്നിവ 55%വും ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. മലപ്പുറം മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന മേൽ പറഞ്ഞ സമഗ്ര കുടിവെള്ള പദ്ധതി സമയബന്ധിതമായി |

| | | | |
|---|---|---|---|
| | | | പൂർത്തീകരിക്കുന്നതിന് വേണ്ട എല്ലാ നടപടികളും കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ